ഉത്തരം

(എ, ബി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള പ്പോൾതന്നെ ചില സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ടു ചെയ്യാതെ അവയിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ച് തുടരാൻ അനുവദിക്കുന്നുണ്ടെന്നു പരാതി ലഭിച്ചതിനെത്തുടർന്ന് എല്ലാ ഒഴിവുകളും പി. എസ്. സി. ക്ക് റിപ്പോർട്ടു ചെയ്യണമെന്നും പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ അവയിൽനിന്നല്ലാതെ മറ്റുവിധത്തിൽ ഒഴിവുകൾ നികത്തരുതെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖാന്തിരം നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ നിയമാനുസൃതം പിരിച്ചയക്കണം എന്നും എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും കമ്പനികളിലേയും കോർപ്പറേഷനുകളിലേയും മുഖ്യാധികാരികൾക്കും സർക്കാർ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്ത്രീകൾക്ക് ഉദ്യോഗനിയമനങ്ങളിൽ പ്രാതിനിധ്യം

1053 [1956] ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനസംഖ്യയിൽ പകുതിയിലധികമുള്ള സ്ത്രീകൾക്ക് ഉദ്യോഗ നിയമനങ്ങളിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഉദ്യോഗ നിയമനങ്ങളിൽ സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിലേക്കുവേണ്ടി സ്ത്രീകൾക്കും സംവരണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്യോഗനിയമനങ്ങളിൽ പൊതുവായി സ്ത്രീ—പുരുഷ വേർതിരിക്കൽ നിലവിലില്ല.

(ബി) ഉദ്യോഗ നിയമനങ്ങളിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുവാൻ ഭരണഘടനയിലെ മൗലികാവകാശ തത്വങ്ങൾ അനുവദിക്കുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

സംസ്ഥാന സർവ്വീസിലുള്ള മുസ്ലീം ഉദ്യോഗസ്ഥൻമാർ

1054 [1957] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർവ്വീസിൽ ആകെ എത്ര മുസ്ലീം ഉദ്യോഗസ്ഥൻമാരാണ് ഉള്ളത്:

(ബി) അതിൽ ഗസറ്റഡ് തസ്തികയിൽ എത്രപേരുണ്ടെന്ന് പറയാമോ?

ഉത്തരം

(എ, ബി) സർക്കാർ ജീവനക്കാരുടെ ജാതിതിരിച്ചുള്ള കണക്ക് പ്രസിദ്ധീകരിക്കുന്നത് ഗവൺമെൻറിന്റെ നയമല്ലാത്തതിനാൽ ഇപ്രകാരമുള്ള കണക്കുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly